(എ) നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലെ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യകത കണക്കിലെടുത്താണ് കോഴ്സുകളുടെ രൂപരേഖ തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ വിദേശ തൊഴിൽ സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

111 (1329) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിലെ അംഗങ്ങൾ

ശ്രീ. ടി. എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ സംസ്ഥാനത്ത് എത്ര കുട്ടികൾ അംഗങ്ങളായിട്ടുണ്ട്;

(ബി) ഈ കുട്ടികൾക്ക് പരിശീലനവും മറ്റും കൊടുക്കുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഹെഡ്ക്വാർട്ടേഴ്സിന്റെ പ്രവർത്തനരീതികൾ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(ഇ) അവിടെ തുടരുന്ന സെക്രട്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ജി) ഈ സ്ഥാപനത്തിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ ഈ അടുത്ത കാലത്ത് സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 1,23,183 കുട്ടികൾ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) യുവജനങ്ങളുടെ കായികവും സാമൂഹികവും ആത്മീയവുമായ അന്ത:ശക്തികളെ പൂർണ്ണമായും വികസിപ്പിച്ച് അവരെ വ്യക്തികളെന്ന നിലയ്ക്കും ഉത്തരവാദിത്വമുള്ള പൗരൻമാർ എന്ന നിലയ്ക്കും പ്രാദേശികവും അന്തർദേശീയവുമായ സമൂഹങ്ങളിലെ അംഗങ്ങളെന്ന നിലയ്ക്കും വളർത്തിയെടുക്കുന്നതിൽ സംഭാവന നല്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം.

സ്കൗട്ടിന്റെ തത്ത്വങ്ങളിൽ അധിഷ്ഠിതമായ ആശയങ്ങൾ കുട്ടികളിൽ വേരുറപ്പിക്കുന്നതിനുതകുന്ന ബാഡ്ജ് പഠനങ്ങളും ക്യാമ്പിംഗ്,

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കിങ് പര്യവേക്ഷണം മുതലായ പ്രായോഗിക പരിശീലന പരിപാടികളും നടപ്പിലാക്കുന്നു.

(സി) ഹെഡ്കാർട്ടേഴ്സിൽ 16 പേർ ജോലി ചെയ്യുന്നുണ്ട്. ഇവരെ കൂടാതെ പാലോട് സംസ്ഥാന പരിശീലന കേന്ദ്രത്തിൽ രണ്ടു പേരും കോഴിക്കോട് ജില്ലയിൽ നടുവത്തൂർ റീജിയണൽ പരിശീലന കേന്ദ്രത്തിൽ രണ്ടു പേരും ഫീൽഡ് സ്റ്റാഫായി ആറു പേരും ജോലി ചെയ്യുന്നുണ്ട്.

(ഡി) ഹെഡ്കാർട്ടേഴ്സിന്റെ പ്രവർത്തനം മൂന്നു പ്രധാന വിഭാഗങ്ങളായിട്ടാണ് നടത്തുന്നത്.

(1) അഡ്മിനിസ്ട്രേഷൻ

(2) ഓർഗനൈസേഷൻ

(3) ട്രെയിനിംഗ്

അഡ്മിനിസ്ട്രേഷന്റെ ചുമതല സ്റ്റേറ്റ് സെക്രട്ടറിക്കും, ഓർഗനൈസേഷന്റെ ചുമതല സ്റ്റേറ്റ് ഓർഗനൈസിങ്ങ് കമ്മീഷണർമാർക്കും, ട്രെയിനിങ്ങിന്റെ ചുമതല സ്റ്റേറ്റ് ട്രെയിനിങ്ങ് കമ്മീഷണർമാർക്കും നല്കിയിട്ടുണ്ട്.

സ്റ്റേറ്റ് കൗൺസിലും സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും വിവിധ സബ് കമ്മിറ്റികളും പ്രവർത്തനങ്ങൾക്ക് നിർദ്ദേശങ്ങളും നേതൃത്വവും കൊടുക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്തു. മുൻ ജില്ലാ പോലീസ് സൂപ്രണ്ട് ആയിരുന്ന ശ്രീ. പി.ഒ. ജേക്കബ്, (ഐ.പി.എസ്. റിട്ട.) സ്റ്റേറ്റ് കമ്മീഷണറും (സ്കൗട്ട്സ്) ശ്രീമതി ചന്ദ്രികാ പുരുഷോത്തമൻ, സ്റ്റേറ്റ് കമ്മീഷണറും (ഗൈഡ്) ആരോപണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുകയും ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ആ വിവരം സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

(ജി) ഉണ്ട്.

(എച്ച്) കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് കാംപസിന്റെ ഡ്രൈവർ, ശ്രീ. കെ.പി. ജയചന്ദ്രനെ കൃത്യവിലോപം, ധിക്കാരപരമായ പെരുമാറ്റം എന്നീ കുറ്റങ്ങളുടെ പേരിൽ 1997 ഡിസംബർ 17-ാം തീയതിയിലെ എ/4645/97 3296-ാം നമ്പർ ഉത്തരവിൻ പ്രകാരം സസ്പെൻഡ് ചെയ്തു.

ഇപ്രകാരം സസ്പെൻഷനിലായ ശ്രീ. കെ.പി. ജയചന്ദ്രൻ നായർ 17.2.99 വൈകിട്ട് ഓണററി സ്റ്റേറ്റ് സെക്രട്ടറി ശ്രീ. കെ.ബി. ചന്ദ്രശേഖരൻ നായരെ ആക്രമിച്ചു. ആയതിൻ പ്രകാരം 25.3.99-ൽ ശ്രീമതി. ലിഡാ ജേക്കബ്, സ്റ്റേറ്റ് ചീഫ് കമ്മീഷണർ ടിയാന് ഒരു കുറ്റാരോപണ മെമ്മോ നല്കിയിട്ടുണ്ട്.

112 (1330) ആമിനക്കുട്ടിക്ക് ഫാമിലി പെൻഷൻ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly